ശ്രീ. എം. നാരായണക്കുറുപ്പ് : ലിഫ്റ്റ് ഇറിഗേഷൻ താരതമ്യേന നഷ്ടം വരുത്തുന്ന പദ്ധതിയായതുകൊണ്ട് മേലാൽ ഇതു വേണ്ടെന്നു വയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ ?

ശ്രീ. ഈ. പി. പൗലോസ് : അങ്ങനെ തീരുമാനിച്ചിട്ടില്ല. കൂടെ റിക്കറിംഗ് എക്സ്പെൻസുണ്ടാകുമെന്നല്ലാതെ, ഈ പദ്ധതി നഷ്ടമുള്ളതാണെന്നു പറഞ്ഞുകൂടാ.

ശ്രീ. എം. എം. മത്തായി : ഭൂ ഉടമകൾ വസ്തു വിട്ടുകൊടുത്തിട്ടും രണ്ടും മൂന്നും കൊല്ലമായി ചില ഇറിഗേഷൻ പദ്ധതികൾ നടപ്പാകാതെ കിടക്കുന്നുണ്ട്. അങ്ങനെയുള്ള പണികൾ ഏറ്റവും വേഗത്തിൽ നടപ്പാക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. ഈ. പി. പൗലോസ് : ചില കേസുകളെ സംബന്ധിച്ചിടത്തോളം പെട്ടെന്നു പ്രവർത്തനം ആരംഭിക്കാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. എസ്റ്റിമേറ്റു തയ്യാറാക്കുമ്പോൾ താൽപ്പര്യമുള്ള എല്ലാ വസ്തുഉടമകളും സ്ഥലം വിട്ടുതരുമെന്നുള്ള പ്രതീക്ഷയിലായിരിക്കും എസ്റ്റിമേറ്റു തയാറാക്കുന്നത്. അങ്ങനെ എസ്റ്റിമേറ്റു തയ്യാറാക്കിയതിനുശേഷം ബുദ്ധിമുട്ടു നേരിടുകയും, എസ്റ്റിമേറ്റു റിവൈസ് ചെയ്യേണ്ടതായി വരികയും ചെയ്യുന്നുണ്ട്.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : മീനച്ചിൽ താലൂക്കിൽ, കിടങ്ങൂർ പകുതിയിൽ വളരെ സ്ഥലം ഇറിഗേഷൻ സൗകര്യമുണ്ടായാൽ കൃഷിക്ക് ഉപയോഗപ്പെടുത്താൻ സാധിക്കും. ജനങ്ങൾ സ്ഥലം വിട്ടുതരാൻ തയ്യാറാണ്. കുറേ നാളായി അവിടെ ലിഫ്റ്റു ഇറിഗേഷനുള്ള അന്വേഷണം നടത്തുന്നുണ്ടെന്നു പറയുന്നു. അക്കാര്യത്തിൽ ഗവണ്മെന്റു എന്തെങ്കിലും ചെയ്തിട്ടുണ്ടോ ?

ശ്രീ. ഈ. പി. പൗലോസ് : വളരെ നാളായി ഇതിനെപ്പറ്റി നിവേദനം തരികയും, ഇതുവരെ ഒന്നും ഈ കാര്യത്തിൽ ചെയ്യാതിരിക്കുകയുമാണെങ്കിൽ തീർച്ചയായിട്ടും സാരമായ എന്തെങ്കിലും തകരാറു് ഉണ്ടായിരിക്കും. ഒന്നുകിൽ സാങ്കേതികമായി അനുവദിച്ചിട്ടുള്ളതിൽ കൂടുതൽ ചിലവു് ഗവണ്മെന്റിനുണ്ടാകും, അല്ലെങ്കിൽ അത്രമാത്രം വിജയിക്കാൻ സാദ്ധ്യതയുണ്ടായിരിക്കുകയില്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : അതിനെപ്പറ്റി കൂടുതൽ വിവരം തരാം.

## ക്യാൻസർരോഗികൾ

* 345. [4] ശ്രീ. ആർ. സുഗതൻ :† താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963 ജനുവരിമാസം മുതൽ ഡിസംബർ അവസാനം വരെ ഉള്ളൂർ മെഡിക്കൽ കാളേജാശുപത്രിയിൽ അഡ്മിറ്റ് ചെയ്ത ക്യാൻസർ രോഗികളുടെ എണ്ണം എത്ര ;

(ബി) ഇവരിൽ സുഖപ്പെട്ടുപോയവർ എത്ര ;

(സി) മരണമടഞ്ഞവർ എത്ര ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻനായർ):

(എ) 1073.

(ബി) ഇതിൽ ആയിരത്തോളംപേർക്ക് ഫലപ്രദമായ ചികിത്സ നടത്താൻ സാധിച്ചിട്ടുണ്ടെന്നാണറിയുന്നത്. ചില രോഗികൾ സുഖം പ്രാപിക്കുന്നതിനുമുമ്പുതന്നെ ആശുപത്രി വിടുന്നതുകൊണ്ട് ശരിയായ കണക്കുകൾ എടുക്കാൻ സാധിച്ചിട്ടില്ല.

(സി) 22.

† Put by Shri E. P. Gopalan

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എ. മാത്യു : ഈ രോഗത്തിനു ചികിൽസിക്കാനുള്ള സൗകര്യം കൂടുതൽ ആശുപത്രികളിൽ ഉണ്ടാക്കുന്നതിനും, ഇന്നുള്ളതിനേക്കാൾ ഫലപ്രദമായി ചികിൽസിക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: ഇപ്പോഴുള്ളതിൽ കൂടുതൽ സൗകര്യം മറ്റു് ആശുപത്രികളിൽ ഉണ്ടാക്കുന്നതിനു ചില ബുദ്ധിമുട്ടുകൾ ഉണ്ടു്. ആവശ്യമുള്ളിടത്തോളം വിദഗ്ദ്ധന്മാർ ഇല്ലാത്തതുകൊണ്ടു് കൂടുതൽ ആശുപത്രികളിൽ സൗകര്യം ചെയ്തുകൊടുക്കാൻ നിവൃത്തിയില്ല.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള : ക്യാൻസർരോഗം ചികിൽസിച്ചു് സ്ഥായിയായി ഭേദപ്പെടുത്താൻ പ്രയാസമുള്ളതാണെന്നാണു് അറിയുന്നതു്. ആ സ്ഥിതിക്കു് കുറേ ആളുകളെ ആശുപത്രികളിൽനിന്നു ചികിൽസ കഴിഞ്ഞു പറഞ്ഞയച്ചതായി കാണുന്നതു് പരിപൂർണ്ണമായി സുഖം പ്രാപിച്ചതിനുശേഷമാണോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : പരിപൂർണ്ണമായി എത്ര പേർക്കു് സുഖം കിട്ടി, ടെമ്പററിയായി സുഖം കിട്ടിയവർ എത്ര എന്നുള്ളതിനു് വ്യക്തമായ കണക്കെടുത്തിട്ടില്ല. അല്പം റിലീഫു് കിട്ടിയ നിലയിലാണു് ആശുപത്രി വിട്ടുപോയിട്ടുള്ളതു്.

ശ്രീ. ഇ. പി. ഗോപാലൻ : കോഴിക്കോട്ടെ ക്യാൻസർ വാർഡിലെ ഉപകരണങ്ങളും വേണ്ടിടത്തോളം ഫലപ്രദമായി പ്രവർത്തിക്കാത്തതുകൊണ്ടു് അവിടെനിന്നും രോഗികളും തിരുവനന്തപുരത്തു വരുന്നതായി അറിയാമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഇപ്പോഴും അങ്ങനെയല്ല വസ്തുത. പുതിയ എക്സറേ അവിടെ കൊടുത്തിട്ടുണ്ടു്, അതു പ്രവർത്തനം ആരംഭിച്ചിട്ടുണ്ടാവണം.

## വനഭൂമി

* 346. [5] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു് ആകെ എത്ര ഏക്കർ വനഭൂമി, അനധികൃത പ്രവേശനത്തിനു വിധേയമായിട്ടുണ്ടു് ;

(ബി) കൃത്രകപ്പാട്ടവ്യവസ്ഥയിൽ എത്ര ഏക്കർ വനം കൃഷിക്കു വേണ്ടി ഗവണ്മെന്റു് ഇതുവരെ നൽകിയിട്ടുണ്ടു് ;

(സി) വനസംരക്ഷണത്തിനു ആവശ്യമില്ലാ എന്നു ഗവണ്മെന്റു് കരുതുന്ന വനഭൂമികളും സ്ഥിരമായി പതിച്ചുകൊടുക്കുന്നതിനു എന്തെല്ലാം നടപടികളും ഗവണ്മെന്റു് സ്വീകരിച്ചിട്ടുണ്ടു് ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ)

(എ) വിവരം ശേഖരിച്ചുവരുന്നതേയുള്ളൂ.

(ബി) 30695.928 ഏക്കർ.

(സി) വനസംരക്ഷണത്തിന്റെ ആവശ്യമില്ലെന്നു കരുതുന്ന വനഭൂമി സ്ഥിരമായി പതിച്ചുകൊടുക്കുന്നതിനുള്ള സർവ്വേ നടന്നുകൊണ്ടിരിക്കുകയാണു്. സർവ്വേനടന്ന വനത്തിലെ മരങ്ങളും റവന്യൂഡിപ്പാർട്ടുമെന്റു് വെട്ടിമാറ്റിയതിനു ശേഷം കൃഷികാര്യങ്ങൾക്കു വനം പതിച്ചുകൊടുക്കുന്നതാണു്.

ശ്രീ. ജോസഫു് ചാഴിക്കാടൻ : കണ്ണൂർ ജില്ലയിൽ പനത്തടി പഞ്ചായത്തിൽ, നാലയ്യായിരം ഏക്കർ വനഭൂമി, യാതൊരു ആദായവുമില്ലാതെ കിടക്കുന്നതു കൃഷി ചെയ്യാൻ ജനങ്ങൾക്കു പതിച്ചുകൊടുക്കാൻ വല്ല നടപടിയും സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly